# പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. **6191** 08-07-2014-ലെ മറുപടിയ്ക്ക്

## വിവിധ വകുപ്പുകളുടെ പ്രവർത്തനം ത്വരിതപ്പെടുത്താൻ നടപടി

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. സാജു പോൾ | | ശ്രീ. ഉമ്മൻ ചാണ്ടി<br>ബഹു: മുഖ്യമന്ത്രി |
| (എ) സർക്കാർ വകുപ്പുകളുടെ പ്രവർത്തനം വിലയിരുത്താറുണ്ടോയെന്ന് വ്യക്തമാക്കുമോ; | (എ) | എല്ലാ സർക്കാർ വകുപ്പുകളുടേയും പ്രതിമാസ പ്രവർത്തന റിപ്പോർട്ട് സർക്കാരിന് സമർപ്പിക്കുകയും ടി റിപ്പോർട്ടുകൾ അവലോകനം ചെയ്യുന്നുമുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ കെട്ടിക്കിടക്കുന്ന ഫയലുകൾ തീർപ്പാക്കുന്ന കാര്യത്തിൽ നിർദേശം നൽകാറുണ്ട്. ഇത് വകുപ്പുകളുടെ കാര്യക്ഷമത വർദ്ധിപ്പിക്കാൻ സഹായകമാവുന്നുണ്ട്. |
| (ബി) വിവിധ വകുപ്പുകൾ തമ്മിലുള്ള ഫയലുകളുടെയും മറ്റും കൈമാറ്റം കാലതാമസം ഉണ്ടാക്കുന്നുണ്ടെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ഇല്ല. |
| (സി) വിവിധ വകുപ്പുകൾ തമ്മിലുള്ള കത്ത് ഫയൽ ഇടപാടുകൾ ഓൺലൈൻ വഴിയാക്കിയാൽ കാലതാമസം ഒഴിവാക്കാമെന്നതിനാൽ അത്തരം പരിഷ്കാരം നടപ്പിലാക്കാൻ തയ്യാറാകുമോ; | (സി) | കാലതാമസം കൂടാതെ തീരുമാനം എടുക്കുന്നതിന്റെയും, നടപടി ക്രമങ്ങൾ സുതാര്യമാക്കുന്നതിന്റെയും ഭാഗമായി IDEAS, DDFS, ഇ-ഓഫീസ് തുടങ്ങിയ ആധുനിക സംവിധാനങ്ങൾ നടപ്പിലാക്കിവരുന്നു. |
| (ഡി) എല്ലാ സർക്കാർ ഓഫീസുകളിലും ഫ്രണ്ട് ഓഫീസ് സംവിധാനവും അപേക്ഷകന് രസീത് നൽകുന്ന സംവിധാനവും ഏർപ്പെടുത്തുമോ? | (ഡി) | സർക്കാർ ഓഫീസുകളിൽ ഫ്രണ്ട് ഓഫീസ് സംവിധാനം ഏർപ്പെടുത്തി വരുന്നു. സർക്കാർ ഓഫീസുകളിൽ ലഭിക്കുന്ന അപേക്ഷകൾക്ക് കൈപ്പറ്റ് രസീത് നൽകുന്നതിന് കൈപ്പറ്റ് രസീതിന്റെ മാതൃക ഉൾപ്പെടുത്തി 12/1/2009 ലെ സർക്കുലർ നം.168/എ.ആർ13(2)/09/ ഉഭപവ പ്രകാരം നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ